ണ്ടും കോഴ്സിന്റെ പ്രായോഗികതയെപ്പറ്റിയോ മറിച്ചോ ഒരഭിപ്രായം പറയാറായിട്ടില്ല. ഈ കോഴ്സു കൊണ്ടു വിദ്യാർത്ഥികൾ "കാവ്യ" പരീക്ഷക്കു പോകുവാൻ പ്രാപ്തരായിത്തീരണമെന്നാണ് ഉദ്ദേശിച്ചിരിക്കുന്നതു". സംസ്കൃത കോളേജിൽ ഈ കോഴ്സ" തന്നെയാണ് വളരെക്കാലമായി തുടർന്നുപോരുന്നതു്. അതു നോക്കുമ്പോൾ ഈ സ്കൂളിലും പ്രസ്തുത കോഴ്സു് പ്രായോഗികമാകാതിരിക്കുകയില്ലെന്നതന്നെ വിശ്വസിക്കാം.

(സി), (ഡി) ഉത്തരം ആവശ്യമില്ല.

SANSKRIT SCHOOLS—SCHEME FOR IMPROVEMENT

491. മിസ്റ്റർ കെ. ആർ. വിശ്വംഭരൻ: താഴെ എഴുതുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

(എ) സംസ്കൃത വിദ്യാഭ്യാസത്തെ പരിഷ്കരിക്കുന്നതിനും സംസ്കൃത വിദ്യാലയങ്ങളെ പോഷിപ്പിക്കുന്നതിനുമായി വല്ല പദ്ധതിയും ഗവൺമെൻറിലേക്കു വിദ്യാഭ്യാസ മേലധ്യക്ഷൻ സമർപ്പിക്കുകയുണ്ടായോ; ഉണ്ടെങ്കിൽ അതു് എന്താണ്; എന്നാണ്;

(ബി) അതിന്മേൽ ഗവൺമെൻറിന്റെ ഉത്തരവെന്തു;

(സി) അതു നടപ്പിൽ വന്നുവോ;

(ഡി) അടുത്തു നടപ്പിൽ വരുത്തുവാനുള്ള വൈഷമ്യം എന്താണ്;

(ഇ) ഇപ്പോൾ സംസ്ഥാനത്തിലെ സംസ്കൃത വിദ്യാലയങ്ങൾക്കെല്ലാംകൂടി ഗവൺമെൻറിൽ നിന്നും ചിലവുചെയ്തുപോരുന്ന സംഖ്യയെന്തു;

(എഫ്) വിദ്യാഭ്യാസ മേലധ്യക്ഷന്റെ പുതിയ പദ്ധതി (സ്കീം) അനുസരിച്ചു വരുന്നകൂടുതൽ ചിലവെന്തു;

(ജി) പുതിയ പദ്ധതി നടപ്പിൽ വന്നിട്ടില്ലെങ്കിൽ അടുത്തു നടപ്പിൽ വരുത്തുവാൻ ഗവൺമെൻറിനു സന്മനസ്സുണ്ടാകുമോ?

മിസ്റ്റർ പി. ജെ. ജോജ്ജ്:

(എ) ഉവ്വ്, സംസ്കൃത വിദ്യാഭ്യാസത്തെ പരിഷ്കരിക്കുവാനും, ക്രമീകരിക്കുവാനും, ഗ്രാൻറു കൊടുക്കുന്ന രീതി പുതുക്കുവാനും ആയിരുന്നു. ഫസ്റ്റു ടെസ്റ്റുവർ ഫോറത്തിലും ഫസ്റ്റു മാറ്റ്രിക്കു-ഫോറത്തിലും.

(ബി) ധനദൌർല്ലഭ്യം നിമിത്തം പദ്ധതി തല്ക്കാലം നിറുത്തിവെക്കേണ്ടതാണെന്നും പണം ഉണ്ടാകുമ്പോൾ നടപ്പിൽ വരുത്താമെന്നുമായിരുന്നു.

(സി) ഇല്ല.

(ഡി) പണദൌർല്ലഭ്യം.

(ഇ) പ്രൈവറ്റു സംസ്കൃത വിദ്യാലയങ്ങൾക്കു കൊല്ലത്തിൽ 1,00,000 രൂ. യും സർക്കാർവക ചോറോനിക്കര സംസ്കൃത വിദ്യാലയത്തിൽ കൊല്ലത്തിൽ ശമ്പളത്തിനുള്ള

LIBRARY ARCHIVES Kerala Legislative Assembly

ചിലവു് വ൫൬൭ക. യും കൂടി ആകെ ൫,൬൬൭ ക. (സംസ്കൃത കോളേജിലെ ചിലവു് ഉൾപ്പെടുത്തീട്ടില്ല).

(എഫ്) പദ്ധതി നടപ്പിൽ വരുത്തിയാൽ ഉടൻ വരുന്ന കൂടുതൽ ചിലവു് ൭,൭൩൩ ക. പദ്ധതി പൂർത്തിയായി നടപ്പിൽ വരുമ്പോൾ വരുന്ന കൂടുതൽ ചിലവു് ൧൫,൭൫൭ ക.

(ജി) താല്ക്കാലിക സ്ഥിതിക്കു സാദ്ധ്യമല്ല.

SANSKRIT SCHOOLS—COURSES FOR VIDWAN, SIROMANI, ETC.—OPENING OF

492. മിസ്റ്റർ കെ. ആർ. വിശ്വംഭരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

(എ) സംസ്കൃത വിദ്യാലയങ്ങളിൽ യൂനിവേർസിറ്റി പരീക്ഷകളായ വിദ്വാൻ, ശിരോമണി മുതലായ പരീക്ഷകൾ ഏർപ്പെടുത്തുവാൻ വല്ല ആലോചനയും ഗവൺമെണ്ടിൽ നിന്നും ഉണ്ടായോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ തീരുമാനമെന്തു്?

മിസ്റ്റർ പി. ജെ. ജോജ്ജു്:

(എ) ഉവ്വു്.

(ബി) അതു തല്ക്കാലം വേണ്ടെന്നു വെച്ചു.

SANSKRIT COLLEGE, TRIPPUNITTURA—PARTICULARS REGARDING SUBJECTS TAUGHT, ETC.

493. മിസ്റ്റർ കെ. ആർ. വിശ്വംഭരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

(എ) തൃപ്പൂണിത്തുറയിൽ എല്ലാ ജാതിക്കാർക്കും പ്രവേശനമുള്ള സംസ്കൃത കോളേജിൽ (ഗവൺമെണ്ടു് സെക്ഷൻ) ഏതെല്ലാം ശാസ്ത്രങ്ങളാണു് പഠിപ്പിച്ചുവരുന്നതു്;

(ബി) ഓരോരോ വിഭാഗത്തിൽ പഠിച്ചുവരുന്ന കുട്ടികൾ എത്ര;

(സി) അതിനുള്ള അദ്ധ്യാപകന്മാർ എത്ര പേരാണു്;

(ഡി) അവർക്കു നല്കിവരുന്ന ശമ്പളമെന്തു്?

മിസ്റ്റർ പി. ജെ. ജോജ്ജു്:

(എ) ആയുർവ്വേദം.
ജ്യോതിഷം.
ന്യായം.

(ബി) ആയുർവ്വേദം—൯, ജ്യോതിഷം—൪, ന്യായം—൨൨.

(സി) അഞ്ചുപേർ.

(ഡി) മൂന്നു പേർക്കു ൫൪—൫൯—൪൦.
ഒരാൾക്കു ൫൦—൬൦—൭൦.
മറ്റൊരാൾക്കു ൭൪.

LIBRARY ARCHIVES Kerala Legislative Assembly